**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2935** | **18.08.2017-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ) | കടബാദ്ധ്യത മൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായ നിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നു.<br><br>ഏതെങ്കിലും ജില്ലയോ അതിന്റെ ഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളി മേഖലയോ നിർദ്ദിഷ്ട കാലത്തേക്ക് ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ടതായ കടാശ്വാസത്തിന്റെ വ്യാപ്തിയും രീതിയും സംബന്ധിച്ച് സർക്കാരിനോട് ശുപാർശ ചെയ്യുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ കടാശ്വാസം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യഫെഡ് വഴി 31,71,028/- രൂപ, ഷെഡ്യൂൾഡ് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും കടമെടുത്തിട്ടുള്ളവർക്ക് 7,43,67,949 രൂപ, മറ്റ് സർക്കാർ ധനകാര്യസ്ഥാപനങ്ങളായ ഭവന നിർമ്മാണ ബോർഡ്, വികലാംഗ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്തവർക്ക് യഥാക്രമം 21,13,923/- രൂപ, 4,59,707/-രൂപ എന്നിങ്ങനെ ആകെ 8,01,12,607/- രൂപ 2016-17 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുത്ത് നടപടികൾ നേരിടുന്ന എല്ലാ മത്സ്യതൊഴിലാളികളുടെയും ബാദ്ധ്യത ഏറ്റെടുക്കുന്നതിന് | (സി) | മത്സ്യത്തൊഴിലാളികൾ വാണിജ്യ ആവശ്യത്തിനോ ആർഭാടത്തിനോ അല്ലാതെ ഭവന നിർമ്മാണം, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, |

| | | | |
|---|---|---|---|
| | സർക്കാരിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ; | | പെൺമക്കളുടെ വിവാഹം, ചികിത്സാ ആവശ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് 31/12/2007-ന് മുൻപ് എടുത്ത വായ്പകൾക്കാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്. ഇതിനുള്ള അപേക്ഷകൾ 30.06.2013 വരെ സ്വീകരിച്ചിരുന്നു. 31.12.2007 എന്നുള്ള കാലയളവ് ഒരു വർഷം കൂടി ദീർഘിപ്പിച്ച് 31.12.2008 വരെയാക്കി ടി പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കാനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |
| (ഡി) | സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുത്ത മത്സ്യതൊഴിലാളികളുടെ വായ്പ സംബന്ധിച്ച വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുമോ; വിശദീകരിക്കാമോ? | (ഡി) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ, എന്നിവിടങ്ങളിൽ നിന്നും 31.12.2007-ന് മുൻപ് വാണിജ്യ ആവശ്യങ്ങൾക്കോ, ആർഭാടത്തിനോ അല്ലാതെ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, പെൺമക്കളുടെ വിവാഹം, ചികിൽസ, മക്കളുടെ വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്യുന്നു ണ്ട്. കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ലിസ്റ്റ്, സഹകരണ വകുപ്പ് ഓഡിറ്റിംഗ് നടത്തി സമർപ്പിക്കുന്ന പ്രൊപ്പോസൽ പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പ് കടാശ്വാസ തുക അനുവദിക്കുന്നു. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടങ്ങളിൽ കടാശ്വാസം ലഭിക്കാത്തതായി പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടി വിഷയത്തിൽ പ രിഹാരം കാണുന്നതിനായി ബഹു. സഹകരണ വകുപ്പ് മന്ത്രി, ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ 14.06.2017-ൽ നടന്ന യോഗത്തിൽ ഇങ്ങനെയുള്ള പരാതികൾ സഹകരണ വകുപ്പ് ഉദ്യോഗസ്ഥരും കടാശ്വാസ കമ്മീഷനും സംയുക്തമായി ജില്ലാ തലത്തിൽ അദാലത്തുകൾ സംഘ ടിപ്പിച്ച് പരമാവധി കേസുകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തി ട്ടുണ്ട്. ഇതിൻ പ്രകാരമുള്ള നടപടികൾ കടാശ്വാസ കമ്മീഷനും സഹകരണ വകുപ്പും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ